# ശാസ്ത്രജാലകം സഹവാസ ശില്പശാല
# മേരി മാതാ കോളേജിൽ നവംബർ 30 മുതൽ ഡിസംബർ 2 വരെ

മാനന്തവാടി: ശാസ്ത്രത്തെ അറിയാനും ശാസ്ത്രാഭിരുചി വളർത്താനും ഉദ്ദേശിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെക്നോളജിയും മേരിമാതാ ആർട്സ് & സയൻസ് കോളേജ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും സംയുക്തമായി സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി 2018 നവംബർ 30, ഡിസംബർ 1, 2 തീയതികളിൽ ശാസ്ത്രജാലകം സഹവാസ ശിൽപശാല മേരിമാതാ ആർട്സ് & സയൻസ് കോളേജിൽ നടക്കുമെന്നും പ്രസ്തുത ശിൽപശാല ഉദ്ഘാടനം 2018 നവംബർ 30 ന് രാവിലെ 9.30 ന് മാനന്തവാടി സബ് കളക്ടർ ശ്രീ. ഉമേഷ് എൻ.എസ്.കെ. ഐ.എ.എസ് നിർവഹിക്കുമെന്നും സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

സംസ്ഥാനത്തെ വിവിധ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ ഒമ്പതാം തരത്തിൽ പഠിക്കുന്ന ശാസ്ത്രാഭിരുചിയുള്ള 50 വിദ്യാർത്ഥികൾക്കു വേണ്ടിയാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. മൂന്നുദിവസമായി നടക്കുന്ന ശിൽപശാലയുടെ ഭാഗമായി ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയിലെ അടിസ്ഥാനപരവും നൂതനമായി വിഷയങ്ങളിൽ വിദഗ്ധർ ക്ലാസെടുക്കുകയും ശാസ്ത്രപരീക്ഷണങ്ങൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യും. കോളേജ് പ്രിൻസിപ്പാൾ ഡോ. സാവിയോ ജെയിംസ് അധ്യക്ഷത വഹിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ റവ. ഫാ. ജോർജ്ജ് മൈലാടൂർ അനുഗ്രഹപ്രഭാഷണവും കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് കോളേജ് ഡീൻ ഡോ. കോശി ജോൺ മുഖ്യ പ്രഭാഷണവും നടത്തും. പദ്ധതിയെക്കുറിച്ചും സഹവാസ ശിൽപശാൽയെക്കുറിച്ചും ശാസ്ത്ര ജാലകം സ്റ്റേറ്റ് കോർഡിനേറ്റർ ഡോ. ടി.വി വിമൽകുമാർ വിശദീകരിക്കും. കോളേജ് ഐ.ക്യൂ.എ.സി കോർഡിനേറ്റർ ഡോ. മരിയ മാർട്ടിൻ ജോസഫ്, ഡോ. ജോസഫ് കെ. ജോബ്, ഡോ. രാജീവ് തോമസ്, ഡോ. തോമസ് മോണോത്ത്, ഡോ. ബിന്ദു കെ തോമസ്, ഡോ. മേഴ്സി ഇഗ്നേഷ്യസ് എന്നിവർ സംസാരിക്കും.

ഡിസംബർ 2 ന് ഉച്ചയ്ക്ക് 2.30 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ സീയറ്റ് ഡയറക്ടർ ശ്രീ. ബി. അബുരാജ് മുഖ്യാതിഥി ആയിരിക്കും പയ്യന്നൂർ വാനനിരീക്ഷണ കേന്ദ്രം ഡയറക്ടർ ശ്രീ ഗംഗാധരൻ വെള്ളൂർ, ഫിസിക്സ് വിഭാഗം അധ്യക്ഷൻ ശ്രീ പ്രിൻസ് ഫിലിപ്പ്, പ്രോഗ്രാം കോർഡിനേറ്റർ ഡോ. സിജോ എ.കെ എന്നിവർ സംസാരിക്കും.